# ആഗസ്റ്റ് 15 ശനി, 2009
# പരിശുദ്ധ അമ്മയും സ്വാതന്ത്ര്യവും

ലോകചരിത്രത്തിൽ ഒരുപാടുതവണ നിർവ്വചിക്കപ്പെടുകയും വ്യാഖ്യാനിക്കപ്പെടുകയും ചെയ്തിട്ടുള്ള ഒരു പദമാണ് സ്വാതന്ത്ര്യം. മനുഷ്യന്റെ സ്വാതന്ത്ര്യത്തെക്കുറിച്ച് നൂറുകണക്കിന് പ്രത്യയശാസ്ത്രങ്ങൾ, ആദർശങ്ങൾ, പ്രസംഗങ്ങൾ, ഗ്രന്ഥങ്ങൾ, ചർച്ചകൾ.........,അതിൽക്കൂടുതൽ സമരങ്ങൾ, വിപ്ലവങ്ങൾ, രക്തച്ചൊരിച്ചിലുകൾ........സ്വാതന്ത്ര്യമെന്ന പദത്തിന് പറയാനേറെയുണ്ട്.

ഇംഗ്ലീഷിൽ സ്വാതന്ത്ര്യത്തെ *Freedom from Domination* എന്ന് നിർവ്വചിക്കാറുണ്ട്. എന്തിന്റെയൊക്കെയോ ആധിപത്യങ്ങളിൽനിന്നുള്ള മോചനം, നിയന്ത്രണങ്ങളിൽ നിന്നുള്ള മോചനം. ഉപരിപ്ലവമായി അങ്ങനെയൊരു ചിന്താഗതി സമൂഹത്തിലുണ്ടെന്ന് നിസ്തർക്കമാണ്. എന്നാൽ ഇങ്ങനെ ഒരു നിർവ്വചനം പൂർണ്ണമാണെന്ന് ഞാൻ കരുതുന്നില്ല. ക്രൈസ്തവരെന്ന നിലയിൽ ഭാരതസ്വാതന്ത്ര്യദിനവും പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണവും സമഞ്ജസമായി സമ്മേളിക്കുമ്പോൾ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഒരു ക്രൈസ്തവദർശനം രുപപ്പെടുത്തിയെടുക്കുവാൻ നമുക്കാകുമോ?

ക്രൈസ്തവജീവിതം അടിസ്ഥാനപരമായി ഒരു ഉടമ്പടിയാണ്. മന്നിലവതരിച്ച വചനമായ ദൈവത്തെ – ഈശോമിശിഹായെ – ജീവിതത്തിന്റെ കേന്ദ്രമായി സ്വീകരിച്ച് അവന്റെ ഇച്ഛയ്ക്കൊത്ത് വാക്കുകളും പ്രവർത്തികളും ഏകോപിപ്പിച്ച് മുന്നോട്ടുപോകുന്ന ഒരു ജീവിതശൈലി. ഇവിടെയാണ് ക്രൈസ്തവന്റെ സ്വാതന്ത്ര്യമെന്താണെന്ന ചോദ്യത്തിന്റെ ഉത്തരം. 'ദൈവമക്കളുടെ സ്വാതന്ത്ര്യ' മെന്ന പൗലോസ് ശ്ലീഹായുടെ പ്രയോഗം തന്നെ.

ക്രിസ്തീയ സ്വാതന്ത്ര്യത്തെപ്പറ്റി ആധികാരികമായി സഭയെ പഠിപ്പിച്ചത് വി. പൗലോസായിരുന്നു. റോമാ, ഗലാത്തിയ ലേഖനങ്ങളിലൂടെ വി. പൗലോസ് അതു വിവരിക്കുന്നുണ്ട്. സ്വാതന്ത്ര്യത്തെ പൗലോസ് രണ്ടായി തിരിക്കുന്നുണ്ട് (1) ചിലതിൽനിന്നുള്ള സ്വാതന്ത്ര്യം ( *Freedom From*) (2) ചിലതിലേയ്ക്കുള്ള സ്വാതന്ത്ര്യം ( *Freedom For* ). അതായത്, പാപത്തിൽനിന്നും മരണത്തിൽ നിന്നും, നിയമങ്ങളിൽനിന്നുമുള്ള വിമോചനവും നന്മ ചെയ്യാനുള്ള സ്വാതന്ത്ര്യവും.

പരി. അമ്മയ്ക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നോ? വി. പൗലോസിന്റെ വ്യാഖ്യാനങ്ങളെ കൂട്ടിച്ചേർത്തുവായിച്ചാൽ ഒരു കാര്യം വ്യക്തമാണ്. ഒരു സാധാരണ സ്ത്രീയ്ക്കുണ്ടായിരുന്ന സ്വാതന്ത്ര്യത്തേക്കാൾ ഏറെ ഉയർന്നതായിരുന്നു മറിയത്തിന്റെ ആന്തരിക സ്വാതന്ത്യം. ജന്മപാപമില്ലാതെ ജനിച്ചവൾ പാപത്തിൽ നിന്നും സ്വതന്ത്രയായിരുന്നുവെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? സ്വർഗ്ഗാരോപിതയായവൾ മരണത്തിൽ നിന്ന് സ്വതന്ത്രയായിരുന്നുവെന്നും സംശയമില്ലാത്ത കാര്യമാണല്ലോ. പരിശുദ്ധാത്മാവിന്റെ മണവാട്ടിയിൽ നിറഞ്ഞു നിന്നിരുന്നത് നന്മയല്ലാതെ മറ്റെന്താണ്?

പരി. അമ്മയുടെ സ്വാതന്ത്ര്യാവബോധത്തെ സുവിശേഷങ്ങൾ വ്യക്തമായി രേഖപ്പെടുത്തുന്നുണ്ട്. മംഗളവാർത്തയുടെ മുന്നിൽ, ഈ ഭൂമിയിൽ പിറക്കാനൊരിടം തരാമോ എന്ന ചോദ്യത്തിനു മുന്നിൽ അവൾ പതറിയില്ല. പകരം കൃത്യതയുള്ള ചോദ്യങ്ങളുമായി അവൾ ദൈവദൂതനോട് സംഭാഷണത്തിലേർപ്പെടുകയാണ്. വ്യക്തമായ ഒരു ഉത്തരം കിട്ടുന്നതുവരെ ഒടുവിൽ ദൈവപുത്രന്റെ മാതാവാകാൻ തീരുമാനമെടുക്കുമ്പോൾ മറിയത്തിൽ തെളിയുന്നത് വിവേകപൂർവ്വം ചിന്തിക്കുകയും ഉചിതമായത് തെരെഞ്ഞെടുക്കുകയും ചെയ്യുന്ന ഒരു സ്ത്രീയുടെ സ്വാതന്ത്ര്യമാണ്.

മകനെ കാണാതെ നടന്ന് ഒടുവിൽ കണ്ടെത്തുമ്പോൾ അവൾ പ്രകടിപ്പിക്കുന്നത് ഒരമ്മയുടെ സ്വാതന്ത്ര്യമാണ്. ചുറ്റുമുള്ളവരെന്തു ചിന്തിക്കും? ദൈവപുത്രനല്ലേ അവൻ? തുടങ്ങിയ ചിന്തകളൊന്നും അവളെ അലട്ടുന്നില്ല. പകരം ഉത്തരവാദിത്വപ്പെട്ട ഒരമ്മ നിശ്ചയമായും കാണിച്ചിരിക്കേണ്ട സ്വാതന്ത്ര്യബോധത്തിലേയ്ക്ക് അവൾ സ്വയം ഉയരുകയായിരുന്നു.

കാനായിൽ പ്രകടമാകുന്നതാകട്ടെ, സഹരക്ഷകയുടെ സ്വാതന്ത്ര്യമാണ്. ക്രിസ്തുവിന്റെ ജീവിതകത്തിലെ അത്ഭുതങ്ങളുടെ ഉദ്ഘാടനം മറിയത്തിന്റെ വാക്കാൽ നിർവ്വഹിക്കപ്പെടുകയാണ്. രക്ഷാകര ചരിത്രത്തിലെ സഹകാരിണി എന്ന നിലയിൽ തന്റെ നിയോഗത്തെപ്പറ്റി, പുത്രന്റെ ജീവിത ദൗത്യത്തെപ്പറ്റി അവർക്ക് വ്യക്തമായ ധാരണകളുണ്ടായിരുന്നു, അത് പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യവും. മേൽപ്പറഞ്ഞ സംഭവങ്ങളിലൂടെയെല്ലാം പരി. മറിയത്തിന്റെ ആന്തരിക സ്വാതന്ത്ര്യത്തിന്റെ വിവിധ വശങ്ങൾ നാം അപഗ്രഥിക്കുകയായിരുന്നു. ദൈവദൂതന്റെ മുൻപിലും ദൈവാലയത്തിലും കാനായിലുമൊക്കെ തെളിഞ്ഞ മറിയത്തിന്റെ ആന്തരിക സ്വാതന്ത്ര്യത്തിന്റെ അന്ത:സത്തയെന്തായിരുന്നു?

ഗലാത്തിയ ലേഖനത്തിൽ വി. പൗലോസ് ഓർമ്മിപ്പിക്കുന്നുണ്ടല്ലോ, സ്വാതന്ത്ര്യമെന്നാൽ ഭൗതിക സുഖത്തിനുള്ള സ്വാതന്ത്ര്യമല്ലെന്ന്. പകരം, സ്നേഹത്തിലടിസ്ഥാനമിട്ട് പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ നിർഗ്ഗളിക്കുന്ന ഒരു ജീവിതശൈലിയാണ്. സുവിശേഷങ്ങളിൽ പ്രത്യക്ഷപ്പെടുമ്പോഴൊക്കെ പരി.മറിയം പ്രകടിപ്പിച്ചതും ആത്മാവിന്റെ ഫലങ്ങൾ തന്നെയായിരുന്നു. ദൈവീക പുണ്യങ്ങളുടെ കവിഞ്ഞൊഴുകലായിരുന്നു പരി. അമ്മയുടെ സ്വാതന്ത്ര്യബോധമെന്നുകൂടി നമ്മൾ തിരിച്ചറിയുകയാണിവിടെ.

സ്വാതന്ത്ര്യമെന്നാൽ നന്മ ചെയ്യാനുള്ള സ്വാതന്ത്ര്യമാണെന്ന് പറയാൻ പരി. അമ്മയോളം യോഗ്യതയുള്ള മറ്റാരാണ് നമുക്കുള്ളത്? സ്വാതന്ത്ര്യമെന്നാൽ എനിക്കെന്തും ചെയ്യാനുള്ള ലൈസൻസാണ് എന്ന് തെറ്റിദ്ധരിച്ച ഒരു പുതുതലമുറയുടെ മദ്ധ്യത്തിലാണ് നാമിന്ന് ജീവിക്കുന്നത്. അതുകൊണ്ടാണ്, മാതാപിതാക്കളുടെ നോട്ടത്തിനപ്പുറത്തും അദ്ധ്യാപകരുടെ സാന്നിദ്ധ്യങ്ങൾക്കപ്പുറത്തും വീടിനു വെളിയിലും പേഴ്സണൽ കമ്പ്യൂട്ടറിനു മുൻപിലും മൊബൈൽ ഫോണിന്റെ കട്ടകളിലും നമ്മൾ സ്വതന്ത്രരാണെന്ന് മനുഷ്യൻ ചിന്തിച്ചുതുടങ്ങുന്നത്.

ആനുകാലിക സംഭവങ്ങൾ വ്യക്തിസ്വാതന്ത്ര്യത്തെപ്പറ്റിയുള്ള മനുഷ്യന്റെ വികല ധാരണകളെ വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്. ഇതിന് വലിയൊരു ഉത്തേജനം നൽകിയത് സാങ്കേതിക വിപ്ലവവും മാധ്യമങ്ങളുമാണെന്നതിൽ തർക്കമില്ല. അടുത്ത കാലത്തിറങ്ങിയ 'ഡാഡി മമ്മി' എന്ന തമിഴ് സിനിമാഗാനം ശ്രദ്ധിച്ചിട്ടുള്ളവർക്കറിയാം യുവത്വവും കൗമാരവും സ്വാതന്ത്ര്യത്തിന് എന്തെല്ലാം പുതുവ്യാഖ്യാനങ്ങൾ നൽകിയെന്ന്.

ഉയരങ്ങളിലേയ്ക്ക് പറന്നുപൊങ്ങുന്ന പക്ഷിയുടെ സ്വാതന്ത്ര്യം അതിന്റെ ചിറകുകളിലാണ് എന്ന് വല്ലാതെ തെറ്റിദ്ധരിക്കപ്പെടുന്നുണ്ട്. പക്ഷിയുടെ സ്വാതന്ത്ര്യം അതിന്റെ ചിറകിലല്ല, ഹൃദയത്തിലാണെന്ന തിരിച്ചറിവുണ്ടാകണമെങ്കിൽ ആത്മീയതയുടെ അകക്കണ്ണുവേണം. ഈ സ്വാതന്ത്ര്യദിനത്തിൽ എന്റെ സ്വാതന്ത്ര്യം നന്മ ചെയ്യാനുള്ള സ്വാതന്ത്ര്യമാണെന്ന് പരി. അമ്മയുടെ വാക്കുകളിലൂടെ നമ്മിൽ രൂഢമൂലമാകട്ടെ. പരി. അമ്മയുടെ സ്വർഗ്ഗാരോപണം ദൈവതിരുമനസിന് കീഴ്വഴങ്ങിക്കൊണ്ട് അമ്മ ജീവിച്ചതിന് ദൈവം നൽകിയ പ്രതിഫലമാണ് എന്നത് നമുക്ക് മറക്കാതിരിക്കാം.

സ്വാതന്ത്ര്യബോധം കർമ്മബോധത്തിലേയ്ക്കും, കർമ്മബോധം ആദർശധീരതയിലേയ്ക്കും നമ്മെ നയിക്കണം. അപ്പോൾ ഒരുപക്ഷേ പരി. അമ്മയെ വണങ്ങിയതുപോലെ എന്റെ ശരീരത്തെയുംകൂടി മാലാഖമാർ വണങ്ങാൻ മാത്രം ഞാനും പരിശുദ്ധികൊണ്ട് നിറയും.

**സ്വർഗ്ഗാരോപണത്തിരുന്നാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും മംഗളാശംസകൾ!**

**സി. പ്രശാന്തി സി. എം. സി**